**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3978** **06-08-2021 - ൽ മറുപടിയ്ക്ക്**

**കലാകാരൻമാർക്ക് നൽകി വരുന്ന പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കലാകാരൻമാർക്ക് നൽകി വരുന്ന പെൻഷൻ പദ്ധതിയിൽ ഏതെല്ലാം കലകളിൽ പ്രവർത്തിക്കുന്ന കലാകാരൻമാരെയാണ് പരിഗണിക്കുന്നതെന്നറിയിക്കുമോ; | (എ) | സാഹിത്യകാരന്മാർക്കും സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്ര കലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, ചിത്രകല, ശില്പകല, പൂരക്കളി, ബാന്റ് വാദ്യം, നാടൻ കലകൾ മേള പ്രമാണിമാർ എന്നിങ്ങനെയുള്ള കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കും സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേനയുള്ള കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു. കേരളീയക്ഷേത്ര കലകൾ i) വാദ്യകലകൾ: - മദ്ദളം, ചെണ്ട, തിമില, ഉടുക്ക്, കുറുങ്കുഴൽ, നാദസ്വരം, കുഴിത്താളം, ചേങ്ങില, മിഴാവ്, ഇടയ്ക്ക, തകിൽ, കൊമ്പ്. ii) ക്ലാസിക് കലകൾ:- പാഠകം, കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, ഓട്ടൻതുള്ളൽ, കഥകളി, തിടമ്പ്, നൃത്തം, പുരാണപാരായണം, തോറ്റംപാട്ട് , സോപാന സംഗീതം iii) ക്ഷേത്ര ശില്പകല:- തടി, കരിങ്കല്ല് മുതലായവയിലെ കൊത്തുപണികൾ (കാർവിംഗ്) തുടങ്ങിയവ. iv) ചിത്രകല:- ഭിത്തി ചിത്രങ്ങൾ (മ്യൂറലുകൾ) കളമെഴുത്ത്, തെയ്യം, തിറ മുതലായ കലകളുടെ മുഖമെഴുത്ത്, അലങ്കാരങ്ങൾ മുതലായ ചിത്രപ്പണികൾ. v) നാടൻ കലാരൂപങ്ങൾ : - തെയ്യം, തിറ, പടയണി, മുടിയേറ്റ്, യക്ഷഗാനം, പൂരക്കളി, കാക്കാരിശ്ശി നാടകം, കണ്യാർകളി, പരിചമുട്ടുകളി, കോർക്കളി, പൂതനും തിറയും, തിരിയുടിച്ചിൽ, ആവാമിക്കളി, ചിന്മാനക്കളി, നിണബലി, കളമെഴുത്തും പാട്ടും, കെന്ത്രാൽപാട്ട്, കോതാമൂരി, അർജ്ജുന നൃത്തം, കുത്തിയോട്ടം, വേലകളി, പലവിധം പാട്ടുകൾ, മുടിയാട്ടം, കളരിപ്പയറ്റ്, പുള്ളുവൻപാട്ട്, ഭഗവതി പാട്ട്, ഒപ്പന, ദഫ്മുട്ട്, അറബനമുട്ട്, മുട്ടും വിളിയും, മാർഗം കളി. vi) ആദിവാസി കലകൾ - പലതരം ആദിവാസി നൃത്തങ്ങൾ, വാദ്യം, സംഗീതം, വാമൊഴി, രൂപങ്ങൾ |

| | | | |
|---|---|---|---|
| | | | (ഗദ്ദിക, പൂജഗദ്ദിക, വട്ടക്കളി, തുടി, മാരി നീക്കൽ കംബകളി എന്നീ ഗോത്രകലകൾ) ഇതു കൂടാതെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായ കലാകാരന്മാർക്ക് ക്ഷേമനിധി പെൻഷൻ നൽകിവരുന്നുണ്ട്. ക്ഷേമനിധി ആക്റ്റ് പ്രകാരം സാംസ്കാരിക പ്രവർത്തകൻ എന്നാൽ സിനിമ, ഇലക്ട്രോണിക് മാധ്യമം, കേബിളും കേബിൾ ശൃംഖലയും, നാടകം, സംഗീതം, കഥകളി, ഗാനമേള, അനുകരണകല, സാഹിത്യം, ചിത്രരചന, ശിൽപ്പകല, നാടൻകലകൾ, അനുഷ്ഠാന കലകൾ, സെമിക്ലാസിക്കൽ കലകൾ, നാടൻപാട്ടുകൾ, മേക്കപ്പ്, വാദ്യകലകൾ, മാജിക്, സർക്കസ്, മാർഗ്ഗംകളി, ചവിട്ടുനാടകം, കാർട്ടൂൺ, കഥാപ്രസംഗം, പുരാണ പാരായണം, ബൈബിൾ പാരായണം, ഖുറാൻ പാരായണം, മാപ്പിളകലകൾ, പന്തൽ അലങ്കാരം, ശബ്ദവും വെളിച്ചവും, വസ്ത്രരൂപകൽപ്പന, പരസ്യകല, പെയിന്റിംഗ്, കോംപിയറിംഗ്, ഫോട്ടോഗ്രാഫി എന്നീ മേഖലകളിലെ ഏതെങ്കിലും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിൽ ലൈബ്രേറിയൻ ആയി പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ തന്റെ ഉപജീവനത്തിനായി അങ്ങനെയുള്ള മറ്റേതെങ്കിലും രൂപത്തിലുള്ള കല, സാഹിത്യം, സംസ്കാരം, സാംസ്കാരിക പ്രഭാഷണം, അതുപോലുള്ള മറ്റു പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ ക്ഷേമനിധി ആക്റ്റിന്റെ ആവശ്യത്തിലേക്കായി വിജ്ഞാപനംമൂലം സർക്കാർ പ്രഖ്യാപിക്കുന്ന അങ്ങനെയുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരുന്നവരോ ആയ ഏതൊരാളും ആണ്. ഇവരെ ക്ഷേമനിധി അംഗത്വത്തിനായി പരിഗണിക്കുന്നതാണ്. |
| (ബി) | ഈ പെൻഷൻ പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ വിശദമാക്കുമോ? | (ബി) | കലാകാരപെൻഷൻ അനുവദിച്ച് വരുന്നത് 11/08/2017 ലെ സ.ഉ (കൈ) 21/2017/സാം.കാ.വ നം. സർക്കാർ ഉത്തരവിൻ പ്രകാരമുള്ള മാനദണ്ഡങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. 50-വയസ്സ് പൂർത്തീകരിക്കുകയും വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെ ഉള്ളവരും ആയ അവശരായ എല്ലാ കലാകാരന്മാർക്കും കലാകാരപെൻഷന് വേണ്ടി അപേക്ഷിക്കാവുന്നതാണ്. വയസ്സ് തെളിയിക്കുന്ന രേഖ സാക്ഷ്യപ്പെടുത്തിയും വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും കലാകാരനെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | അധികാരികൾ നൽകുന്ന സാക്ഷ്യപത്രവും ഇതോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഇത്തരം അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമികൾ സൂക്ഷ്മ പരിശോധന നടത്തി ശിപാർശ ചെയ്ത് റിപ്പോർട്ട് സാംസ്കാരിക വകുപ്പദ്ധ്യക്ഷന് നൽകുന്ന മുറയ്ക്ക് ആയതിൽ ന്യൂനതകൾ ഉള്ള അപേക്ഷകരെ മാറ്റി നിർത്തി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും യോഗ്യതയുള്ള, അർഹരായ കലാകാരന്മാർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച് നൽകുകയുമാണ് ചെയ്യുന്നത്. മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ സർക്കാർ ഫണ്ടിൽ നിന്നുള്ള ക്ഷേമ പെൻഷനുകളോ കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കാണ് ഈ പ്രതിമാസ ധനസഹായം അനുവദിച്ച് വരുന്നത്. കലാകാരപെൻഷൻ മുടങ്ങാതെ തുടർന്നും ലഭിക്കുന്നതിന് കലാകാര പെൻഷൻ ഗുണഭോക്താക്കൾ ആറ് മാസത്തിലൊരിക്കൽ ലൈഫ് സർട്ടിഫിക്കറ്റും, മൂന്ന് വർഷത്തിലൊരിക്കൽ വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുണ്ട്. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പെൻഷനുള്ള മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരമാണ്. ക്ഷേമനിധിയിൽ, 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും, എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ കലാസാംസ്കാരിക, സാഹിത്യ മേഖലയിൽ ഉള്ളവർക്ക് നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകളും ഫീസും സഹിതം അപേക്ഷ സമർപ്പിക്കാവുന്നതും അപേക്ഷകൾ പരിശോധിച്ച് അപേക്ഷകർക്ക് ക്ഷേമനിധി അംഗീകാരം നൽകിയ അക്കാദമികളോ സ്ഥാപനങ്ങളോ, സംഘടനകളിൽ നിന്നോ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ക്ഷേമനിധി അംഗത്വം നൽകുന്നതുമാണ്. അംഗത്വം ലഭിച്ച് അംശദായം അടച്ച ഒരു അംഗത്തിന് 60 വയസ്സ് തികയുന്ന മുറയ്ക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നതാണ്. സൂപ്പറാന്വേഷൻ പെൻഷനുവേണ്ടി ക്ഷേമനിധി പദ്ധതി പ്രകാരമുള്ള 5-ാം നമ്പർ ഫാറം പൂരിപ്പിച്ച് നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ